പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2650 — 18.06.2018- ൽ മറുപടിക്ക്

## കോഴിക്കോട്-കാരപ്പറമ്പ്-ബാലുശ്ശേരി റോഡിന്റെ നവീകരണ പ്രവൃത്തി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. പുരുഷൻ കടലുണ്ടി** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കോഴിക്കോട്-കാരപ്പറമ്പ്-ബാലുശ്ശേരി റോഡിന്റെ ശോചനീയവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ റോഡ് വീതി കൂട്ടി നവീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ ; | (ബി) 11.12.2016-ലെ സ.ഉ (സാധാ) നം. 1687/2016/ പൊ.മ.വ പ്രകാരം ടി റോഡിന്റെ വികസന പ്രവൃത്തി നടപ്പിലാക്കുന്നതിന് റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനിയെ പ്രത്യേക ദൗത്യ സ്ഥാപനമായി നിയോഗിച്ചുകൊണ്ടും, ആയതിലേക്കുള്ള വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കി കിഫ്ബി-ക്ക് സമർപ്പിച്ച് അംഗീകാരവും ധനസഹായവും നേടുന്നതിനും ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതാണ്. അതിൻ പ്രകാരം കോഴിക്കോട് - ബാലുശ്ശേരി റോഡിന്റെ പുനരുദ്ധാരണത്തിന് റിക് (RICK) മുഖേന തയ്യാറാക്കിയ വിശദമായ പ്രൊജക്ട് റിപ്പോർട്ട് കിഫ്ബിക്ക് സമർപ്പിക്കുകയും കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെ 21.12.2017-ലെ ഉത്തരവ് നമ്പർ APR-2/330/2017/KIIFB പ്രകാരം പ്രസ്തുത റോഡിന്റെ 88.92 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതിക അനുമതിക്കുള്ള നടപടികൾ പുരോഗമിക്കുന്നു. 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനായി ബന്ധപ്പെട്ട രേഖകൾ കോഴിക്കോട് ജില്ലാ കളക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ട്. 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച ശേഷം അതിർത്തി കല്ലിടുന്ന ജോലി ആരംഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത റോഡിന്റെ നവീകരണ പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;വിശദമാക്കാമോ; | (സി) | സാധാരണ നടപടിക്രമങ്ങൾ മൂലമുള്ള കാലതാമസം മാത്രമേ ഉണ്ടായിട്ടുള്ളൂ. |
| (ഡി) | നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാമോ? | (ഡി) | നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ